**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1929** **20-06-2024 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ സ്റ്റേഡിയം നിർമ്മാണത്തിന്റെ നടപടികൾ എന്തായെന്ന് വ്യക്തമാക്കാമോ; നടപടികൾ വേഗത്തിലാക്കി നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുമോ; | (എ) | കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയ്ക്ക് 19.12.2023 തീയതിയിലെ സ.ഉ. (സാധാ) നം. 360/2023/കാ.യു.വ. പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയത് പ്രകാരം 12.03.2024 തീയതിയിൽ സാങ്കേതികാനുമതി നൽകി, 16.03.2024, 30.04.2024 എന്നീ തീയതികളിലായി 2 തവണ ടെൻഡർ ക്ഷണിക്കുകയും 10.06.2024 ൽ ടെണ്ടർ ലഭ്യമായിട്ടുമുണ്ട്. കരാറുകാരന് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | മാറനല്ലൂർ പഞ്ചായത്തിലെ കുവളശ്ശേരി സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും വിശദാംശങ്ങളും ലഭ്യമാക്കാമോ? | (ബി) | മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ കുവളശ്ശേരി സ്റ്റേഡിയം നവീകരണത്തിനായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി 1 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഗ്രൗണ്ട് നവീകരണ പ്രവൃത്തി, മഡ് കോർട്ടിന്റെ നിർമ്മാണം, റീട്ടെയിനിംഗ് വാളിന്റെ നിർമ്മാണം, ഡ്രെയിനേജ് & ഫെൻസിംഗ്, ടോയ്ലറ്റ് ബ്ലോക്ക് എന്നീ ഘടകങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. ആയതിന് തിരുവനന്തപുരം ജില്ലാ കളക്ടറിൽ നിന്നും ഭരണാനുമതിയും കായിക യുവജനകാര്യ ഡയറക്ടറിൽ നിന്നും സമഗ്ര ഭരണാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ